ഭാഗമായ പറമ്പിക്കുളം നിവാസി ച്ചി വിനോദ സഞ്ചാര മേഖലക്ക് ഡൻറ് കെ. ഭാസ്കരൻ വാർത്താ സ് ഉദ്ഘാടനം ചെയ്തു.

കുടിവെള്ളത്തിന് അലയേണ്ട

ുള്ള സ ത്തെ മുഴുവൻ വീട്ടുകാർക്കും
ണറിനെ ഏത് സമയവും വെള്ളം ലഭ്യമാ
ുനിക്കാ ക്കാനാണ് ലക്ഷ്യം. കാരമല കു
ർ വെള്ള ടിവെള്ള പദ്ധതിയിൽ നിന്ന് 3.5
കി.മീ പൈപ്പ് ലൈൻ എക്സ്റ്റൻ
കെ. ബി ഷൻ ഉപയോഗിച്ചാണ് വെള്ളം
ം ചെയ് ചമ്മിനി കോളനിയിൽ എത്തി
പ്രദേശ ക്കുന്നത്.

ചേക്കോട്ട് പറമ്പിൽ കുടുംബസംഗമം നടത്തിയതിൻെറ സ്മരണിക ചിത്രകാരൻ അക്കിത്തം നാരായണൻ പ്രകാശനം ചെയ്യുന്നു

ളെ മർദിച്ച പ്രതി അറസ്റ്റിൽ

ിവർത്തനം നടത്താൻ ശ്രമിച്ചെന്നാരോപിച്ച് വീ
നെയും മർദിച്ച സംഭവവുമായി ബന്ധപ്പെട്ട കേ
ളമായി ഒളിവിൽ കഴിഞ്ഞിരുന്ന പ്രധാന പ്രതി
ടത്തറ പാറേക്കാട് വീട്ടിൽ കിരണിനെയാണ്
ിലെ മങ്കര എസ്.ഐ ശിവപ്രകാശ്, സി.പി.ഒമാ
ഗേഷ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം
സമീപത്തുവെച്ച് അറസ്റ്റ് ചെയ്തത്. ജൂൺ അ
കേസിനാസ്പദമായ സംഭവം.
യെ കണ്ട് മടങ്ങുകയായിരുന്ന കൊടുമ്പ് കരിങ്ക
വീട്ടിൽ ഭാരതിയെയും ഭർത്താവ് കുഞ്ചുവിനേ
നടത്താൻ ശ്രമിച്ചു എന്നാരോപിച്ച് അഞ്ചംഗ സം
സ്. തുടർന്ന്, ഇരുവരേയും പാലക്കാട്ടെ സ്വകാ
വേശിച്ചു.
സ്റ്റർ ചെയ്ത കേസിൽ ഇരുവരുടെയും പരാതി
ികളെ പൊലീസ് പിടികൂടിയിരുന്നു. പ്രധാന പ്ര
ൽ പോവുകയായിരുന്നു. പ്രതിയെ ജുഡീഷ്യൽ
തി റിമാൻഡ് ചെയ്തു.

പദ്ധതി തുടങ്ങി

ാട് നൂസ്രത്തുൽ മസാക്കിൻ സംഘത്തിൻെറ നേ
രോഗികൾക്ക് ചികിത്സാ സഹായത്തിന് ആരോ
ുടങ്ങി. ഭാരവാഹികൾ: എം.എ. മുഹമ്മദ് (രക്ഷാ
(ചെയർ), സി. ആബിദ് അലി (കൺ), സി. ഹംസ
ുനി, കെ.എം. അബ്ദുൽ ഖാദർ, എ.കെ. ഇല്യാ

ിലെ അറവുശാല മാലിന്യത്തിനെതിരെ എ
രസഭാ ഓഫിസിന് മുന്നിൽ നടത്തിയ ധർണ
ഉദ്ഘാടനം ചെയ്യുന്നു

സ്.ഡി.പി.ഐ ധർണ

ത്തിലെ പുതുപ്പള്ളിത്തെരുവിലെ അറവുശാല
സമീപപ്രദേശങ്ങളിലേക്ക് ഒഴുക്കിവിടുന്നതിൽ
ഡി.പി.ഐ പ്രവർത്തകർ നഗരസഭാ ഓഫിസിന്
ി.
ട്ടറി സി.പി. മുഹമ്മദലി ഉദ്ഘാടനം ചെയ്തു. അ
ഹിച്ചു. ഷുക്കൂർ മൗലവി, ബാദുഷ, റഫീഖ് എന്നി

സ്മരണിക പ്രകാശനം ചെയ്തു

ആനക്കര: ആനക്കരയിലെ പ്ര മുഖ കുടുംബമായ ചേക്കോട്ട് പറമ്പിൽ കുടുംബസംഗമം നടത്തിയതിൻെറ സ്മരണിക ചിത്രകാരൻ അക്കിത്തം നാരായണൻ ചേക്കോട്ട് പറമ്പിൽ തറവാട്ടിലെ ഇളമുറക്കാരി കുമാരി സീതക്ക് നൽകി പ്രകാശനം ചെയ്തു. അഞ്ച് തലമുറകളുടെ കഥ പറയുന്ന സ്മരണികയിൽ കേന്ദ്ര പ്രതിരോധ മന്ത്രി എ.കെ. ആൻറണി, കോഴിക്കോട് സാമൂതിരി രാജ തുടങ്ങിയവരുടെ ആശംസകളുണ്ട്. പഴയ സാമൂതിരി രാജ്യത്തിൻെറ പടിഞ്ഞാറേ നമ്പിടി എന്ന പേരിൽ നാടുവാണവരാണ് ചേക്കോട്ട് പറമ്പിൽ കുടുംബക്കാർ.

നീലത്താമര വിരിയുന്ന മലബാറിലെ പ്രശസ്ത മലമക്കാവ് അയ്യപ്പക്ഷേത്രത്തിലെ ഊരായ്മയും ഇവർക്കുണ്ടായിരുന്നു. 1955ൽ കോഴിക്കോട് നടന്ന സാമൂതിരി രാജയുടെ അരിയിട്ട് വാഴ്ചയിൽ പങ്കെടുത്തവരാണ് ഇപ്പോഴത്തെ കാരണവൻമാരായ രാധാകൃഷ്ണൻ നമ്പ്യാരും ഗോപാലകൃഷ്ണൻ നമ്പ്യാരും.

അക്കിത്തം മനയിൽ നടന്ന ചടങ്ങിൽ രാധാകൃഷ്ണ നമ്പ്യാർ, സി.പി. ഗോപാലകൃഷ്ണൻ നമ്പ്യാർ, സി.ആർ. രവി, സി.പി. മോഹനൻ, സി.പി. സുധീർ, കുമാരി സീത എന്നിവർ പങ്കെടുത്തു.

എസ്.എൻ.ഡി.പി വാർഷികം

കുഴൽമന്ദം: മാത്തൂർ എസ്.എൻ.ഡി.പി വാർഷിക പൊതുയോഗം യൂനിയൻ പ്രസിഡൻറ് ആർ. മാധവൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ബി. പ്രദീപ്, എസ്. രാമകൃഷ്ണൻ, മുരളീധരൻ മാസ്റ്റർ, ബാലചന്ദ്രൻ, ഭാർഗവി ഗംഗാധരൻ, പ്രവിത മുരളീധരൻ എന്നിവർ സംസാരിച്ചു.

ഭാരവാഹികൾ: എം. മണി (പ്രസി.), വി. കണ്ടമുത്തൻ (സെക്ര.). വനിതാ സംഘടനാ ഭാരവാഹികൾ: ഗീത ലോഹിതാക്ഷൻ (പ്രസി.), രേണുകാ ശശികുമാർ (സെക്ര.), ഉഷാ കുമാരി (ട്രഷറർ).

പ്രതിഷേധ കൂട്ടായ്മ

ആലത്തൂർ: ഗ്രന്ഥശാലാ സംഘം പിരിച്ചുവിടാനുള്ള സർക്കാർ നീക്കത്തിനെതിരെ തരൂർ കോമ്പുകുട്ടി മേനോൻ സ്മാരക ഗ്രന്ഥശാലയിൽ പ്രതിഷേധ കൂട്ടായ്മ നടത്തി.

സംസ്ഥാന കൗൺസിൽ മെമ്പർ എം.എം.എ. ബക്കർ ഉദ്ഘാടനം ചെയ്തു.

കെ. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. കെ.ജി. രാജേഷ്, ശശി ജി. നായർ, ഇ.പി. ചിന്നക്കുട്ടൻ എന്നിവർ സംസാരിച്ചു.

ആലത്തൂർ: പുരോഗമന കലാ സാഹിത്യ സംഘം തരൂർ പഞ്ചായത്ത് കമ്മിറ്റി യോഗം പ്രതിഷേധിച്ചു. പ്രസിഡൻറ് സാബു പി. മേനോൻ അധ്യക്ഷത വഹിച്ചു. ടി. പത്മനാഭൻ, ടി. സത്യനാരായണൻ എന്നിവർ സംസാരിച്ചു.

യന്ത്രവത്കൃത ഞാറു നടീൽ

ചെർപ്പുളശ്ശേരി: ചളവറ കൃഷിഭവൻെറ ആഭിമുഖ്യത്തിൽ യന്ത്രവത്കൃത ഞാറു നടീൽ പദ്ധതിയുടെ ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം ഒ. സുലൈഖ നിർവഹിച്ചു. പഞ്ചായത്ത് പ്രസിഡൻറ് പി. ഹരിദാസൻ അധ്യക്ഷത വഹിച്ചു. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻറ് എ.കെ. കുമാരൻ, ബ്ലോക്കംഗം എ.പി. സത്യപാലൻ, പഞ്ചായത്ത് വൈസ് പ്രസിഡൻറ് സി. പ്രീത, അംഗങ്ങളായ രമാദേവി, അബ്ദുറഹ്മാൻ, ഇ. വിനോദ്കുമാർ, എൻ. മോഹൻദാസ്, സി.എം. പ്രഭാകരൻ, എ. പ്രഭാവതി, സി.ടി. മുഹമ്മദ്, എം.പി. നാരായണൻ നമ്പൂതിരി, കൃഷി ഓഫിസർ എ.ആർ. ഷിബു, രാധാകൃഷ്ണൻ എന്നിവർ സംസാരിച്ചു.

പത്രപ്രവർത്തക അസോസിയേഷൻ മേഖലാ സമ്മേളനം നാളെ

ചെർപ്പുളശ്ശേരി: കേരള പത്രപ്രവർത്തക അസോസിയേഷൻെറ മലബാർ സമ്മേളനം നവംബർ പത്തിന് കോഴിക്കോട്ട് നടക്കുന്നതിൻെറ ഭാഗമായി ചെർപ്പുളശ്ശേരി മേഖലാ സമ്മേളനം ഞായറാഴ്ച ചെർപ്പുളശ്ശേരി ടൗണിൽ നടക്കും. ചീഫ് വിപ്പ് പി.സി. ജോർജ് ഉദ്ഘാടനം ചെയ്യും. അംഗത്വ വിതരണം പഞ്ചായത്ത് പ്രസിഡൻറ് കെ. സുരേഷ് നിർവഹിക്കും. വിവിധ രാഷ്ട്രീയ സാംസ്കാരിക നേതാക്കൾ സംബന്ധിക്കും. മുതിർന്ന മാധ്യമപ്രവർത്തകരെ യോഗത്തിൽ ആദരിക്കും.

ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ് സംസ്ഥാന ഹീരക് പഥ് അവാർഡ് നേടിയ സി. അഞ്ജന, എൻ. ജുസൈന നർഗീസ് (ഇരുവരും എ.എം.യു.പി സ്കൂൾ, മുണ്ടക്കോട്ടുകുറുശ്ശി)

സ്പോക്കൺ ഇംഗ്ലീഷ്
വരൂ,
നന്നായി ഇംഗ്ലീഷ്
സംസാരിക്കാം.

veta
Experts in English Training
Perinthalmanna
8893313134
04933 228999
www.veta.in